"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ശ്രീ.ജ്യോതിഷ് കെ.പി.-യുടെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാല സേവനം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഊർജ്ജ (എ) വകുപ്പ്

സ.ഉ.(സാധാ) നം.11/2026/POWER തീയതി,തിരുവനന്തപുരം,09-01-2026

പരാമർശം:- 1. സ.ഉ.(സാധാ.) നം.42/2024/പവർ തീയതി: 07.03.2024.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 31.10.2025 തീയതിയിലെ സി.ഇ.ഐ/5565/2024-ഇ1 നമ്പർ കത്ത്.

ഉത്തരവ്

ശ്രീ.ജ്യോതിഷ് കെ.പി.(പെൻ 242040) പരാമർശം (1)ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ കോഴിക്കോട് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചതായും ടിയാളുടെ നിരീക്ഷണ കാലയളവിൽ നിരീക്ഷണകാലത്തെ ബാധിക്കുന്ന തരത്തിലുള്ള അവധിയൊന്നും എടുത്തിട്ടില്ലെന്നും പ്രസ്തുത കാലയളവിൽ ടിയാന്റെ ജോലി, സ്വഭാവം എന്നിവ തൃപ്തികരമായിരുന്നുവെന്നും ടിയാനെതിരെ വിജിലൻസ് കേസോ വകുപ്പ്തല അന്വേഷണമോ നിലവിലില്ലെന്നും ആയതിനാൽ 19.09.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ ടിയാന്റെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടർ ആയ ശ്രീ.ജ്യോതിഷ് കെ.പി.(പെൻ 242040)-യുടെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടർ തസ്തികയിലെ നിരീക്ഷണകാല സേവനം 19.09.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി

പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHAHNA KUMARI S L
അണ്ടർ സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീ.ജ്യോതിഷ് കെ.പി., ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പബൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Manoj S
Date: 12-01-2026 10:42:10
സെക്ഷൻ ഓഫീസർ